Government of Kerala
Industrial Training Department

**Skill Updating Institute for Industrial Training-Kerala**

Market Road, Kazhakuttam, Thiruvananthapuram - 695 582, Ph: 0471 - 2412012
email: stikerala@gmail.com

സ്യൂട്ട്- 813/17(1) തീയതി: 26/12/2017

**സ്പെഷ്യൽഓഫീസർ**

**എല്ലാ പ്രിൻസിപ്പാൾമാർക്കും, ട്രെയിനിംഗ് ഓഫീസർമാർക്കും**

സർ/മാഡം

വിഷയം: സ്യൂട്ട്കേരള,കഴക്കൂട്ടം–2016 - 2017 വർഷത്തെ വ്യാവസായിക പരിശീലന വകുപ്പിലെ മികച്ച ഇൻസട്രക്ടർ അവാർഡ് നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

വ്യാവസായിക പരിശീലന വകുപ്പിലെ 2016– 2017 വർഷത്തെ മികച്ച ഇൻസട്രക്ടറെ തെരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നു. മൂന്ന് ട്രേഡ് ഇൻസ്ട്രക്ടർമാർക്കും ഒരു എ.സി.ഡി ഇൻസ്ട്രക്ടർക്കുമാണ് അവാർഡ് നൽകുക. 2016-2017 വർഷത്തെ പ്രവർത്തന മികവാണ് അവാർഡിന്റെ മാനദണ്ഡം. ടി കാലയളവിൽ ഇൻസ്ട്രക്ടർ പൂർണ്ണമായും ക്ലാസ്സുകളെടുത്ത (2 സെമസ്റ്റർ) ട്രെയിനീസിന്റെ റിസൾട്ട്, പരിശീലനത്തിൽ കാണിച്ച മികവ്, സ്ഥാപനത്തിന്റെ ഉയർച്ചക്കായി ചെയ്തിട്ടുള്ള മറ്റ് കാര്യങ്ങൾ എന്നിവ പരിഗണിച്ചാണ് അവാർഡിനർഹരായവരെ തെരഞ്ഞെടുക്കുന്നത്. അപേക്ഷയുടെ മാതൃക ഇതോടൊപ്പം ചേർക്കുന്നു.

**പാർട്ട്-എ ഇൻസ്ട്രക്ടർമാർ പൂരിപ്പിക്കേണ്ടതും സ്ഥാപന മേധാവി സർട്ടിഫൈ ചെയ്യേണ്ടതുമാണ്.**

**പാർട്ട് - ബി സ്ഥാപന മേധാവി ഗ്രൂപ്പ് ഇൻസ്ട്രക്ടർമാരുടെ സഹായത്തോടെ ചെയ്യേണ്ടതാണ്.**

1 കഴിഞ്ഞ വർഷം അവാർഡ് ലഭിച്ചവരെ തുടർന്ന് മൂന്ന് വർഷത്തേക്ക് പരിഗണിക്കേണ്ടതില്ല

2 ഇൻസട്രക്ടർ ആയി കുറഞ്ഞത് 5 വർഷത്തെ പ്രവർത്തിപരിചയം (30.11.2017 ൽ) ആവശ്യമാണ്

3 സർക്കാർ/വകുപ്പ്തല അച്ചടക്ക നടപടികൾക്ക് വിധേയരായവർ ആയിരിക്കരുത്

4 വിജിലൻസ്/പോലീസ്/കോടതികേസ് നിലവിലുള്ളവരെ പരിഗണിക്കുന്നതല്ല.

5 സ്ഥാപനത്തിന്റേയും, ട്രെയിനീസിന്റേയും ഉന്നമനത്തിനായി പ്രവർത്തിക്കുന്നവർ ആയിരിക്കണം

6 നിർബന്ധിത പരിശീലനം(സി.റ്റി.ഐ/മോഡുലാർ) പൂർത്തിയായവർക്ക് മുൻഗണന നൽകുന്നതായിരിക്കും

**അവാർഡിന് അർഹരായവരെ കണ്ടെത്തുന്നതിനുള്ള കമ്മറ്റി**

| | | | |
|---|---|---|---|
| 1 | അഡീഷണൽഡയറക്ടർഓഫ് ട്രെയിനിംഗ് | ട്രെയിനിംഗ്ഡയക്ടറേറ്റ് | ചെയർമാൻ |
| 2 | അഡീഷണൽസ്റ്റേറ്റ് പ്രോജക്ട്ഡയറക്ടർ | എസ്.പി.ഐ.യു | വൈസ് ചെയർമാൻ |
| 3 | ജോയിന്റ്ഡയറക്ടർ | ട്രെയിനിംഗ്ഡയക്ടറേറ്റ് | മെമ്പർ |
| 4 | ജോയിന്റ്ഡയറക്ടർ | റീജിയണൽഡയക്ടറേറ്റ് | മെമ്പർ |
| 5 | ഡെപ്യൂട്ടിസ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ്അഡ്വൈസർ | ട്രെയിനിംഗ്ഡയക്ടറേറ്റ് | മെമ്പർ |
| 6 | ഡെപ്യൂട്ടിഡയറക്ടർ(പ്ലാനിംഗ്) | ട്രെയിനിംഗ്ഡയക്ടറേറ്റ് | മെമ്പർ |
| 7 | ഡെപ്യൂട്ടിഡയറക്ടർ(ട്രെയിനിംഗ്) | ട്രെയിനിംഗ്ഡയക്ടറേറ്റ് | മെമ്പർ |
| 8 | ഇൻസ്പെക്ടർഓഫ് ട്രെയിനിംഗ് | തിരുവനന്തപുരം | മെമ്പർ |
| 9 | ഇൻസ്പെക്ടർഓഫ് ട്രെയിനിംഗ് | കോട്ടയം | മെമ്പർ |
| 10 | ഇൻസ്പെക്ടർഓഫ് ട്രെയിനിംഗ് | എറണാകുളം | മെമ്പർ |
| 11 | ഇൻസ്പെക്ടർഓഫ് ട്രെയിനിംഗ് | പാലക്കാട് | മെമ്പർ |
| 12 | ഇൻസ്പെക്ടർഓഫ് ട്രെയിനിംഗ് | കോഴിക്കോട് | മെമ്പർ |

പൂരിപ്പിച്ച അപേക്ഷകൾ 12/01/2018 ന് മുൻപായി പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതും പ്രിൻസിപ്പൾമാർ ആവശ്യമായ രേഖപ്പെടുത്തലുകൾക്ക് ശേഷം 18/01/2018 ന് മുൻപായി സ്പെഷ്യൽ ഓഫീസർ ഇൻ ചാർജ്ജ്, സ്യൂട്ട്കേരള കഴക്കൂട്ടം - ന് ലഭ്യമാക്കേണ്ടതാണ്. ഒരു കാരണവശാലും ശുപാർശ്ശ ചെയ്യുന്ന ഉദ്യോഗസ്ഥരുടെ കൈവശം അപേക്ഷ കൊടുത്തയക്കരുത്. വൈകി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

വിശ്വസ്തതയോടെ

ഉള്ളടക്കം:-മേൽപ്പറഞ്ഞത്

**സ്പെഷ്യൽഓഫീസർ ഇൻ ചാർജ്ജ്**

SKILL UPDATING INSTITUTE FOR INDUSTRIAL TRAINING KAZHAKUTTAM KERALA

Additional Director of Training
Special Officer
SUIIT-KERALA
Skill Updating Institute for Industrial Training-Kerala
Kazhakuttam-695 582.